**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2545** **21-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പമന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യിൽ നിന്നും കഴിഞ്ഞ മൂന്ന് വർഷമായി ജൂനിയർ അസിസ്റ്റന്റ്, കാഷ്യർ തസ്തികകളിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ഇ. ബി. യിൽ നിന്നും 19.09.2017-ന് 520 ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിലെ ഒഴിവുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിൻ പ്രകാരം കെ.പി.എസ്.സി.-യ്ക്ക് പ്രൊവിഷണലായി റിപ്പോർട്ട് ചെയ്യുകയുണ്ടായി. എന്നാൽ ആയതിൽ നിന്നും 14.08.2019-ന് 200-ഉം 22.02.2020-ന് 320-ഉം സ്ഥിര ഒഴിവുകളായി കെ.പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഒഴിവുകളിൽ കെ.പി.എസ്.സി. നിയമന ശിപാർശ നൽകിയവർക്കെല്ലാം പ്രസ്തുത തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | കെ.എസ്.ഇ.ബി.യിൽ സംസ്ഥാനമൊട്ടാകെ എത്ര ക്യാഷ് കൗണ്ടറുകൾ ഉണ്ടെന്നും പ്രസ്തുത ക്യാഷ് കൗണ്ടറുകളിലെല്ലാം കാഷ്യർ തസ്തികയിലുള്ള ഉദ്യോഗസ്ഥർ ഉണ്ടോ എന്നും വിശദമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | പല ക്യാഷ് കൗണ്ടറുകളിലും വർക്കിങ്ങ് അറേഞ്ചെന്റിലാണ് കാഷ്യർ തസ്തികയിൽ ആൾ ഇരിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 30.04.2013 -ൽ ഒ.പി.നമ്പർ 02/2013 ആയി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ARR & ERC –യും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാനുള്ള ആവശ്യം പരിഗണിക്കവേ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ ജീവനക്കാരുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന തുക അനുവദനീയമായ പരിധിയ്ക്കു പുറത്തു പോകുന്നത് നിയന്ത്രിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചതിനെ തുടർന്ന് 08.07.2013-ലെ ബോർഡ് ഉത്തരവ് അനുസരിച്ച് ഇതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. ടി സ്ഥാപനം സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് ഉചിത നടപടികൾ സ്വീകരിക്കുന്നതിനായി ബോർഡിലെ ഫിനാൻസ് |

ഡയറക്ടർ അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ അക്ഷയ, ഫ്രണ്ട്സ് ജനസേവനകേന്ദ്രം, ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ തുടങ്ങിയവ വഴിയും ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ആപ്ലിക്കേഷൻ എന്നീ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഓൺലൈനായും വൈദ്യുതി ചാർജ്ജ് അടയ്ക്കുവാനുള്ള സൗകര്യം കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സൗകര്യങ്ങളൊക്കെ ലഭിക്കുന്നതു മൂലം ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കാര്യാലയത്തിലെത്തി നേരിട്ട് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ സാമ്പത്തിക ഇടപാടുകൾ ഡിജിറ്റൈസ് ചെയ്യുക എന്ന കേന്ദ്രാവിഷ്കൃത നയം കെ.എസ്. ഇ. ബോർഡ് ലിമിറ്റഡിലും നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി 15.11.2018 ലെ B.O. (FTD)No.1925/2018/D(D&IT) 06/AE2/ Cashiers/2018-19/001) 14.12.2018-ലെ B.O. (FTD) No.1994/2018/D(D&IT)D6- AE2/Cashiers/2018-19 എന്നീ ഉത്തരവുകൾ പ്രകാരം കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ സെക്ഷൻ ഓഫീസുകളിലെ ക്യാഷ് കൗണ്ടറുകളുടെ എണ്ണം, പ്രവർത്തന സമയം എന്നിവ പുനർ ക്രമീകരിക്കുകയുണ്ടായി. തുടർന്നും ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയും ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കാര്യാലയത്തിലെത്തി നേരിട്ട് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരികയും ചെയ്യുന്നു. കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ ഇലക്ട്രിക്കൽ സെക്ഷൻ കാര്യാലയങ്ങളിൽ ക്യാഷ് കളക്ഷനുവേണ്ടി ക്യാഷ്യർ വിഭാഗം ജീവനക്കാരുടെ അഭാവം അടിയന്തിര സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാകാതിരിക്കാനായി മറ്റു തസ്തികകളിലെ ജീവനക്കാരെ താത്ക്കാലികമായി അതത് ഇലക്ട്രിക്കൽ ഡിവിഷൻ കാര്യാലയങ്ങളിൽ നിന്നും ക്യാഷ് കളക്ഷനു വേണ്ടി നിയോഗിക്കാറുണ്ട്. കൂടാതെ ജോലിക്കിടെ ഗുരുതരമായി അപകടം സംഭവിക്കുന്ന ജീവനക്കാരെ അവർക്ക് ലൈനിൽ ജോലി ചെയ്യുവാൻ കഴിയാത്ത സാഹചര്യത്തിൽ ടി ജീവനക്കാരേയും ക്യാഷ് കളക്ഷനുവേണ്ടി നിയോഗിക്കാറുണ്ട്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജൂനിയർ അസിസ്റ്റന്റ്/ ക്യാഷ്യർ തസ്തികയിലേതുൾപ്പെടെയുള്ള 2021

| | | | |
|---|---|---|---|
| | | | കലണ്ടർ വർഷത്തിലുണ്ടാകാവുന്ന പ്രതീക്ഷിത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന കാര്യം ബോർഡിന്റെ പരിഗണനയിലാണ്. |
| (ഡി) | കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തിക ഒഴിഞ്ഞ് കിടക്കുന്നുണ്ടെങ്കിൽ അത് എത്രയും വേഗം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | 30.04.2013 -ൽ ഒ.പി.നമ്പർ 02/2013 ആയി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ARR & ERC –യും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാനുള്ള ആവശ്യം പരിഗണിക്കവേ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ ജീവനക്കാരുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന തുക അനുവദനീയമായ പരിധിയ്ക്കു പുറത്തു പോകുന്നത് നിയന്ത്രിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചതിനെ തുടർന്ന് 08.07.2013-ലെ ബോർഡ് ഉത്തരവ് അനുസരിച്ച് ഇതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. ടി സ്ഥാപനം സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് ഉചിത നടപടികൾ സ്വീകരിക്കുന്നതിനായി ബോർഡിലെ ഫിനാൻസ് ഡയറക്ടർ അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ അക്ഷയ, ഫ്രണ്ട്സ് ജനസേവനകേന്ദ്രം, ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ തുടങ്ങിയവ വഴിയും ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ആപ്ലിക്കേഷൻ എന്നീ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഓൺലൈനായും വൈദ്യുതി ചാർജ്ജ് അടയ്ക്കുവാനുള്ള സൗകര്യം കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സൗകര്യങ്ങളൊക്കെ ലഭിക്കുന്നതു മൂലം ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കാര്യാലയത്തിലെത്തി നേരിട്ട് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ സാമ്പത്തിക ഇടപാടുകൾ ഡിജിറ്റൈസ് ചെയ്യുക എന്ന കേന്ദ്രാവിഷ്കൃത നയം കെ.എസ്. ഇ. ബോർഡ് ലിമിറ്റഡിലും നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി 15.11.2018 ലെ B.O. (FTD)No.1925/2018/D(D&IT) 06/AE2/ Cashiers/2018-19/001) 14.12.2018-ലെ B.O. (FTD) No.1994/2018/D(D&IT)D6-AE2/Cashiers/2018-19 എന്നീ ഉത്തരവുകൾ പ്രകാരം കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ സെക്ഷൻ ഓഫീസുകളിലെ ക്യാഷ് കൗണ്ടറുകളുടെ എണ്ണം, പ്രവർത്തന സമയം എന്നിവ പുനർ ക്രമീകരിക്കുകയുണ്ടായി. തുടർന്നും ഓൺലൈനായി |

| | | | |
|---|---|---|---|
| | | | വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയും ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കാര്യാലയത്തിലെത്തി നേരിട്ട് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരികയും ചെയ്യുന്നു. കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ ഇലക്ട്രിക്കൽ സെക്ഷൻ കാര്യാലയങ്ങളിൽ ക്യാഷ് കളക്ഷനുവേണ്ടി ക്യാഷ്യർ വിഭാഗം ജീവനക്കാരുടെ അഭാവം അടിയന്തിര സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാകാതിരിക്കാനായി മറ്റു തസ്തികകളിലെ ജീവനക്കാരെ താത്ക്കാലികമായി അതത് ഇലക്ട്രിക്കൽ ഡിവിഷൻ കാര്യാലയങ്ങളിൽ നിന്നും ക്യാഷ് കളക്ഷനു വേണ്ടി നിയോഗിക്കാറുണ്ട്. കൂടാതെ ജോലിക്കിടെ ഗുരുതരമായി അപകടം സംഭവിക്കുന്ന ജീവനക്കാരെ അവർക്ക് ലൈനിൽ ജോലി ചെയ്യുവാൻ കഴിയാത്ത സാഹചര്യത്തിൽ ടി ജീവനക്കാരേയും ക്യാഷ് കളക്ഷനുവേണ്ടി നിയോഗിക്കാറുണ്ട്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജൂനിയർ അസിസ്റ്റന്റ്/ ക്യാഷ്യർ തസ്തികയിലേതുൾപ്പെടെയുള്ള 2021 കലണ്ടർ വർഷത്തിലുണ്ടാകാവുന്ന പ്രതീക്ഷിത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന കാര്യം ബോർഡിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ